പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1990 — 14.07.2011- ലെ മറുപടി

## എലത്തൂർ നിയോജകമണ്ഡലത്തിലെ റദ്ദ് ചെയ്ത കെ.എസ്.ആർ.ടി.സി ബസ്സുകൾ

ചോദ്യം — ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ — ശ്രീ.വി.എസ്.ശിവകുമാർ, ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ നന്മണ്ട, കക്കോടി, കാക്കൂർ, ചേളന്നൂർ, കുരവട്ടൂർ എന്നീ പഞ്ചായത്തുകളിൽ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ കഴിഞ്ഞ ആറു വർഷത്തിനിടയ്ക്ക് റദ്ദ് ചെയ്തുവെന്ന് വെളിപ്പെടുത്താമോ; | (എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ നന്മണ്ട, കക്കോടി, കാക്കൂർ, ചേളന്നൂർ, കുരവട്ടൂർ എന്നീ പഞ്ചായത്തുകളിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി സർവ്വീസുകൾ കഴിഞ്ഞ ആറു വർഷത്തിനിടയ്ക്ക് ഒന്നും തന്നെ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ അതിനുമുമ്പ് 4 സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. കോഴിക്കോട്-ചീക്കിലോട്, കോഴിക്കോട് കുറുമ്പോയിൽ, കോഴിക്കോട്, പായിമ്പ്ര വഴി കുരുമംഗലം, കോഴിക്കോട്-കക്കയം എന്നീ സർവ്വീസുകളാണ് റദ്ദ് ചെയ്തത്. |
| (ബി) | ഇപ്രകാരം റദ്ദ് ചെയ്ത എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഒന്നും പുനഃസ്ഥാപിച്ചിട്ടില്ല. |
| (സി) | റദ്ദ് ചെയ്ത എല്ലാ കെ.എസ്.ആർ.ടി.സി ബസ്സുകളും പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ടി സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും |

| | | | |
|---|---|---|---|
| | | | ലഭ്യതക്കനുസരിച്ച് ടി സർവ്വീസുകൾ പുനരാരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ